ഉത്തരം

(എ) കാസർഗോഡ് സബ്ജയിലിൽ 60(അറുപത്) തടവുകാരെ പാർപ്പിക്കാനുള്ള സൗകര്യം ഉണ്ട്.

(ബി) കാസർഗോഡ് സബ്ജയിലിൽ ഇപ്പോൾ 76 പേരെ താമസിപ്പിക്കുന്നുണ്ട്.

(സി) കാസർഗോഡ് സബ്ജയിലിന്റെ അറ്റകുറ്റപ്പണികൾക്കായി 1997-98 കാലഘട്ടത്തിൽ 2,85,000 രൂപയും 2000-2001 കാലഘട്ടത്തിൽ 3,70,000 രൂപയും കേന്ദ്രസഹായം വിനിയോഗിച്ച് ചെലവഴിച്ചിട്ടുണ്ട്. നടപ്പുവർഷം ടി ജയിലിലെ സൗകര്യം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് 10 ലക്ഷം രൂപയുടെ തടങ്കൽ കേന്ദ്രസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.

വിമുക്തഭടന്മാർക്കായി ഏർപ്പെടുത്തിയിട്ടുള്ള ആനുകൂല്യങ്ങൾ

57 (3808) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമുക്തഭടന്മാർക്കായി സർക്കാർ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) വിമുക്തഭടൻമാരുടെ മക്കൾക്കും ആശ്രിതർക്കും നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) വിമുക്തഭടന്മാർക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വിമുക്തഭടന്മാർക്കായി സർക്കാർ നൽകിവരുന്ന പ്രധാനപ്പെട്ട ആനുകൂല്യങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.*

(ബി) വിമുക്തഭടന്മാരുടെ മക്കൾക്കും ആശ്രിതർക്കും നൽകിവരുന്ന പ്രധാനപ്പെട്ട ആനുകൂല്യങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.*

(സി) രണ്ടാം ലോകമഹായുദ്ധ സേനാനികളായ വിമുക്തഭടന്മാർക്ക് നൽകിവരുന്ന പ്രതിമാസ സാമ്പത്തികസഹായവും ധീരതാപുരസ്കാരം നേടിയ സൈനികർക്ക് നൽകിവരുന്ന സാമ്പത്തിക സഹായവും വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

മരണപ്പെട്ട സൈനികൻ സ്വാമിനാഥന്റെ കുടുംബത്തിനുള്ള ധനസഹായ വിതരണം

58 (3809) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഗിൽ യുദ്ധത്തിൽ ജീവൻ ബലിയർപ്പിച്ച സ്വാമിനാഥൻ എന്ന സൈനികന്റെ കുടുംബത്തിന് സംസ്ഥാന സർക്കാർ ധനസഹായം നൽകിയോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) സ്വാമിനാഥന്റെ കുടുംബത്തിന് നൽകുവാനുള്ള ധനസഹായം അടിയന്തിരമായി നൽകണമെന്നപേക്ഷിച്ചുകൊണ്ടുള്ള നിവേദനം സർക്കാരിന് ലഭിച്ചുവോ ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ഡി) പ്രസ്തുത ധനസഹായം അടിയന്തിരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതിന്, നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷയും ധനസഹായത്തിനുള്ള അർഹത പരിശോധിക്കുന്നതിനാവശ്യമായ ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് അടക്കമുള്ള മറ്റു രേഖകളും സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) നിവേദനം ലഭിച്ചിട്ടുണ്ട്. ധനസഹായം ലഭിക്കുന്നതിനുള്ള അർഹത നിർണ്ണയം നടത്തുന്നതിനാവശ്യമായ ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് അയച്ചു തരുവാൻ, ബന്ധപ്പെട്ട റിക്കാർഡ് ഓഫീസുമായി സൈനികക്ഷേമ ഡയറക്ടർ പലതവണ കത്തിടപാടുകൾ നടത്തിയെങ്കിലും ആയത് ഇതുവരെ ലഭിച്ചിട്ടില്ല.

(ഡി) ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റും ബന്ധപ്പെട്ട രേഖകളും ലഭിച്ചാലുടൻ അവ പരിശോധിച്ച്, അർഹതയുണ്ടെങ്കിൽ ധനസഹായം അനുവദിക്കുന്നതാണ്.

പറമ്പിക്കുളം-ആളിയാർ കരാർ

59 (3811) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. സുജനപാൽ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. പി. ടി. തോമസ് :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-ആളിയാർ കരാർ ഏതെല്ലാം വിധത്തിൽ തമിഴ്നാട് ലംഘിക്കുന്നുണ്ട് എന്ന് വിശദമാക്കുമോ ;

(ബി) ഈ ലംഘനങ്ങളുടെ പേരിൽ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ എടുക്കുന്നുവെന്ന് വ്യക്തമാക്കുമേ ;

(സി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ കോടതിയെ സമീപിച്ചുവോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly